പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1892 04.12.2018-ലെ മറുപടിക്ക്

## ശാരീരിക ബുദ്ധിമുട്ടുകളുള്ള ലൈൻ ഡ്യൂട്ടിക്കാരുടെ ശമ്പളം

ചോദ്യം ഉത്തരം

ശ്രീ.ടി. വി. ഇബ്രാഹിം ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ വിവിധ ശാരീരിക ബുദ്ധിമുട്ടുകൾ കാരണം പ്രതിമാസമുള്ള ഡ്യൂട്ടി എണ്ണത്തിൽ കുറവുവരുന്ന ലൈൻ ഡ്യൂട്ടിക്കാരുടെ ശമ്പളം കൊടുത്തു തീർക്കാനായിട്ടുണ്ടോ; എങ്കിൽ ഏത് കാലയളവ് മുതലുള്ളതാണ് ഇനിയും കൊടുത്തുതീർക്കാനുള്ളത് എന്നറിയിക്കാമോ; | (എ) | യൂണിറ്റുകളിൽ നിന്നും 2017 നവംബർ വരെ തയ്യാറാക്കി നൽകിയിരുന്ന ജീവനക്കാരുടെ സപ്ലിമെന്ററി ശമ്പളം വിതരണം ചെയ്തിട്ടുണ്ട്. 2017 ഡിസംബർ മുതലുള്ള സപ്ലിമെന്ററി ശമ്പളം കൊടുത്തു തീർക്കുവാനുണ്ട്. |
| (ബി) | ഇത്തരത്തിൽ ശാരിരികാസ്വാസ്ഥ്യമുള്ള ലൈൻഡ്യൂട്ടിക്കാരുടെ ശമ്പളം മറ്റ് ജീവനക്കാരുടെ ശമ്പളം നൽകിക്കഴിഞ്ഞാലുടൻ നൽകാതെ ഇത്തരക്കാരെ ബുദ്ധിമുട്ടിലാക്കുന്ന കെ.എസ്.ആർ.ടി.സി. നിലപാട് സർക്കാർ പുന:പരിശോധിക്കുമോ; | (ബി) | കോർപ്പറേഷന്റെ സാമ്പത്തിക പരാധീനത മൂലം മാത്രമാണ് ഈ തുകകൾ കുടിശ്ശിക ആയത്. |
| (സി) | 2017 മുതൽ ഈയിനത്തിൽ നൽകാനുള്ള തുക കൊടുക്കുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ; ഇത്തരക്കാരുടെ ശമ്പളം ബോധപൂർവ്വം നൽകാതെ നീട്ടിക്കൊണ്ടു പോകുന്ന നടപടി ഗൗരവമായി കണക്കാക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | 2017 നവംബർ വരെ തുക തീർത്തും നൽകിയിട്ടുണ്ട്. 2017 ഡിസംബർ മുതലുള്ള കുടിശ്ശികകൾ കോർപ്പറേഷന്റെ കടുത്ത സാമ്പത്തിക പരാധീനത മൂലമാണ് നൽകാൻ സാധിക്കാത്തത്. സാമ്പത്തിക നില മെച്ചമാകുന്ന മുറയ്ക്ക് ടി കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ